"ഭരണഭാഷ – മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

പട്ടികവർഗ്ഗ വികസന വകുപ്പ് - ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് - ശ്രീ. എസ്സ്. ബിമൽ ഘോഷിന് മാനേജിംഗ് ഡയറക്ടറായി പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

**സ.ഉ(കൈ) നം. 22/2022/പജപവവിവ.** **തീയതി, തിരുവനന്തപുരം, 25.04.2022**

പരാമർശം:- 25.06.2021-ലെ സ.ഉ(എം.എസ്സ്))നം.28/2021/പജപവവിവ നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

ശ്രീ. എസ്സ്. ബിമൽ ഘോഷിന് ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറായി ഒരു വർഷത്തേയ്ക്ക് കൂടി പുനർ നിയമനം നൽകിക്കൊണ്ട് പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**റാണി ജോർജ്ജ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീ. എസ്സ്. ബിമൽഘോഷ്, മാങ്ങാട്ടുകുന്നേൽ (ഹൗസ്), പുലിയന്നൂർ പി.ഒ, മുത്തോളി, കോട്ടയം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ്, കണ്ണൂർ.
ജില്ലാ കളക്ടർ, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (പിയുസി3/89/21/ധന നമ്പർ ഫയൽ പ്രകാരം അറിവിലേയ്ക്കായി)
വിജിലൻസ് വകുപ്പ് (ഡി4/353/21/വിജി നമ്പർ ഫയൽ പ്രകാരം അറിവിലേയ്ക്കായി)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.678 തീയതി, 20.04.2022).
ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേക്കായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-04-2022

ഫയൽ നം. ഡി2/57/2021/പജപവവിവ. ഇനം നം: 678

വിഷയം : പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ശ്രീ. എസ്സ്. ബിമൽഘോഷിനെ ആറളം ഫാം മാനേജിംഗ് ഡയറക്ടറായി ഒരു വർഷത്തേക്ക് കൂടി പുനർനിയമനം നൽകി 25.06.2021-ലെ സ.ഉ.(എം.എസ്.)28/2021/SCSTDD നമ്പർ ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.

6076152/2022/SCSTDD

678

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡി2/57/2021-പജപവവിവ |
| 2. | വകുപ്പ് | : | പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ് |
| 3. | വിഷയം | : | ശ്രീ. എസ്സ്. ബിമൽ ഘോഷിനെ ആറളം ഫാം മാനേജിംഗ് ഡയറക്ടറായി ഒരു വർഷത്തേക്ക് കൂടി പുനർനിയമനം നൽകി 25.06.2021-ലെ സ.ഉ(എം.എസ്)28/2021/SCSTDD നമ്പർ ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നതു - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12.03.2022 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഉണ്ട്.<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br>ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജെ. ജോസഫ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. പ്രണബ് ജ്യോതി നാഥ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06.04.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07.04.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12.04.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13.04.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

25.06.2021-ലെ സ.ഉ(എം.എസ്സ്)നം. 28/2021/പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. എസ്. ബിമൽ ഘോഷിന് ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറായി ഒരു വർഷത്തേയ്ക്ക് പുനർ നിയമനം നൽകിയതിന് സാധൂകരണം നൽകുന്നതു സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

10.04.2020-ലെ G.O(Ms)No.11/2020/SCSTDD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. എസ്. ബിമൽ ഘോഷിനെ ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി പുനർനിയമനവ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിച്ചിരുന്നു. ഈ നിയമനത്തിന്റെ കാലാവധി 30.04.2021-ൽ അവസാനിച്ചിരുന്നു. തുടർന്ന് ആറളം ഫാം മാനേജിംഗ് ഡയറക്ടർ തസ്തിക ഒഴിഞ്ഞു കിടന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികയിലേയ്ക്ക് പുനർ നിയമനത്തിനായി ശ്രീ എസ്. ബിമൽ ഘോഷ് താൽപര്യം പ്രകടിപ്പിക്കുകയുണ്ടായി. റിവൈവൽ ഓഫ് ആറളം ഫാം എന്ന പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനും തുടങ്ങിവച്ച മറ്റ് പദ്ധതികളുടെ പൂർത്തീകരണത്തിനും ഒരു കാർഷിക വിദഗ്ധന്റെ സേവനം അനിവാര്യമായതിനാൽ നിയമനത്തിനായുള്ള ശ്രീ എസ്. ബിമൽ ഘോഷിന്റെ താൽപര്യം പരിഗണിക്കുകയുണ്ടായി. അപ്രകാരം ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ തസ്തികയിലേയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് ശ്രീ. എസ്. ബിമൽ ഘോഷിനെ നിയമിച്ചുകൊണ്ട് 25.06.2021-ലെ സ.ഉ(എംഎസ്സ്)നം. 28/2021/SCSTDD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത നിയമനത്തിന് മന്ത്രിസഭാ യോഗത്തിന്റെ സാധൂകരണം ലഭ്യമാക്കേണ്ടതാണെന്ന് ഫയലിൽ ഉത്തരവായിട്ടുണ്ട്

മേൽപ്പറഞ്ഞ നിയമനം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെപ്പറയുന്നു.

"ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങാതെ കൃഷി വകുപ്പ് ജോയിന്റ് ഡയറക്ടർ ആയി വിരമിച്ച ശ്രീ. എസ്. ബിമൽ ഘോഷിനെ ആറളം ഫാമിന്റെ മാനേജിംഗ് ഡയറക്ടർ ആയി ഒരു വർഷത്തേക്ക് കൂടി പുനർനിയമന വ്യവസ്ഥയിൽ നിയമിച്ച നടപടി സാധൂകരിക്കണമെന്ന വിഷയത്തിൽ അഭിപ്രായം രേഖപ്പെടുത്താൻ നിർവ്വാഹമില്ലെന്നു ഭരണവകുപ്പിനെ അറിയിക്കുന്നു".

ഈ വിഷയത്തിൽ വിജിലൻസ് വകുപ്പിന്റെ അഭിപ്രായം താഴെപ്പറയുന്നു

"ആറളം ഫാം മാനേജിംഗ് ഡയറക്ടർ ശ്രീ. എസ്. ബിമൽ ഘോഷിനെതിരെ വിജിലൻസ് കേസ്/വിജിലൻസ് അന്വേഷണം നിലവിലില്ല എന്നറിയിക്കുന്നു."

വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

ശ്രീ. എസ്. ബിമൽ ഘോഷിന് ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറായി ഒരു വർഷത്തേയ്ക്ക് പുനർനിയമനം (re-employment) നൽകി 25.06.2021-ൽ സ.ഉ(എം.എസ്സ്)നം. 28/2021/പജപവവിവ ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കാമോ?